(എ) പറവൂർ താലൂക്കിൽ ഇടപ്പള്ളിപകുതിയിൽ പീലിക്കാട്ടുകരയിൽ നിന്നു ചേരാനെല്ലൂക്ക് കടക്കുന്നതിനു ഒരു ചെറിയ പാലം പണിയുന്നതിനുവേണ്ട ഭൂമി അക്വയർചെയ്ത് പീലിക്കാട്ടുകാരുടെ സങ്കടത്തിനു പരിഹാരമുണ്ടാക്കണമെന്നു് അഭ്യർത്ഥിച്ചുകൊണ്ടുള്ള വല്ല നിവേദനവും ഗവൺമെണ്ടിനു് ലഭിക്കുകയുണ്ടായോ;

(ബി) ഉണ്ടെങ്കിൽ എന്തു നടപടിയാണു് എടുത്തിട്ടുള്ളതു്?

ധനകാര്യവും റെവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) ലഭിച്ചിട്ടുണ്ടു്.

(ബി) വഴിക്കു വേണ്ട സ്ഥലം ഗവൺമെണ്ടിലേക്കു സൗജന്യമായി വിട്ടുകൊടുക്കാമെന്നു് വസ്തു ഉടമസ്ഥന്മാർ സമ്മതിക്കുകയും, അവിടെ മണ്ണിട്ടു നികത്തുവാൻ സ്ഥലവാസികളും തയ്യാറാകുകയും ചെയ്യുമെങ്കിൽ റോഡു് പാലമുണ്ടാക്കികൊടുക്കുന്നതിനു വേണ്ട നടപടികളും നടത്തുന്നതാണു്.

ശ്രീ. പി. ബാലകൃഷ്ണൻതമ്പി: സ്ഥലവും റോഡും ശരിയാക്കിക്കഴിഞ്ഞതിനുശേഷം പിന്നെ ഗവൺമെണ്ടു് എന്താണു കുലുമാണു് ചെയ്തുകൊടുക്കാനുള്ളതു്?

ശ്രീ. എ. ജെ. ജാൺ: അതു റോഡാക്കി ഉറപ്പിച്ചുകൊടുക്കും.

മാക്കറിലെ ഷെഡ്ഡുകൾ

*൯൩൫. (൨൭) ശ്രീ. അലക്സാണ്ടർ വാകയിൽ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) പറവൂർ താലൂക്കിൽ കുടുംബാവകാശങ്ങൾ ഉള്ള പബ്ലിക്കു മാക്കറിലെ മൂന്നു ഷെഡ്ഡുകൾ ഇടിഞ്ഞുപൊളിഞ്ഞു വീഴാറായിരിക്കുന്ന സംഗതി പല പല പ്രാവശ്യം നിവേദനങ്ങൾമുഖേനയും നിയമസഭാ ചോദ്യങ്ങൾമുഖേനയും ഗവൺമെണ്ടിന്റെ ദൃഷ്ടിയിൽ കൊണ്ടുവന്നതായി ഓർക്കുന്നുണ്ടോ;

(ബി) പ്രസ്തുത ഷെഡ്ഡുകൾ ഉടനടി നന്നാക്കുവാൻ കല്പന അയയ്ക്കുന്നതാണെന്നു ബഹുമാനപ്പെട്ട ആരോഗ്യവകുപ്പുമന്ത്രി നിയമസഭയിൽ കഴിഞ്ഞ പ്രാവശ്യം പറഞ്ഞതായി ഓർക്കുന്നുണ്ടോ?

ധനകാര്യവും റെവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) ഉണ്ടു്.

(ബി) ഷെഡ്ഡുകൾ നന്നാക്കുവാൻ ഉത്തരവുകൾ അയച്ചിട്ടുണ്ടു്.

കുമ്പളങ്ങിയിലെ ശുദ്ധജലക്ഷാമം

*൯൩൬. (൨൮) ശ്രീ. അലക്സാണ്ടർ വാകയിൽ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ൨,൦൦൦ ജനങ്ങൾ തിങ്ങിത്താമസിക്കുന്നതും, പലവിധ രോഗങ്ങൾക്കു വിധേയരായവരുമായ കുമ്പളങ്ങിദേശവാസികൾ കുടിക്കുന്നതിനുള്ള ശുദ്ധജലം കിട്ടാതെ വളരെ കഷ്ടത അനുഭവിക്കുന്നുണ്ടെന്നുള്ള സംഗതി ഗവൺമെണ്ടിനറിയാമോ;

(ബി) കുമ്പളങ്ങി ഡിസ്പെൻസറി ഉൽഘാടനം ചെയ്യുവാൻ ബഹുമാനപ്പെട്ട ആരോഗ്യവകുപ്പുമന്ത്രി വന്നിരുന്ന അവസരത്തിൽ അവിടെ സമ്മേളിച്ച ഒരു വൻപിച്ച യോഗത്തിൽ ഇതിനെ സംബന്ധിച്ചു് ഒരു നിവേദനം സമർപ്പിക്കുകയുണ്ടായോ;

(സി) ഉണ്ടെങ്കിൽ അതിന്മേൽ വല്ല നടപടിയും എടുത്തുവോ?

LIBRARY ARCHIVES Kerala Legislative Assembly